Email:
contact.seckerala@gmail.com
cru.sec@kerala.gov.in

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2328158
MOBILE : 8281000127

www.sec.kerala.gov.in

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

3rd June 2025

## കൊച്ചി മെട്രോപ്പൊളിറ്റൻ ആസൂത്രണ കമ്മിറ്റി തിരഞ്ഞെടുപ്പ്

കൊച്ചി മെട്രോപ്പൊളിറ്റൻ ആസൂത്രണ കമ്മിറ്റി അംഗങ്ങളുടെയും ചെയർമാന്റെയും തിരഞ്ഞെടുപ്പിനുള്ള നടപടി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആരംഭിച്ചു. വരണാധികാരിയായി എറണാകുളം ജില്ലാകളക്ടറെ കമ്മീഷൻ സ്ഥാനനിർദ്ദേശം ചെയ്തു.

കൊച്ചി മെട്രോപ്പൊളിറ്റൻ പ്രദേശത്ത് ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളിൽ നിന്നുമാണ് ആസൂത്രണകമ്മിറ്റി അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്. 29 ഗ്രാമപഞ്ചായത്തുകൾ, ഒൻപത് മുനിസിപ്പാലിറ്റികൾ, ഒരു കോർപ്പറേഷൻ എന്നിവയാണ് മെട്രോപ്പൊളിറ്റൻ പ്രദേശത്ത് ഉൾപ്പെടുന്നത്. കൊച്ചി കോർപ്പറേഷൻ, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, കളമശ്ശേരി, പറവൂർ, ആലുവ, അങ്കമാലി, ഏലൂർ, തൃക്കാക്കര, മരട് എന്നീ മുനിസിപ്പാലിറ്റികൾ, പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം, മുളവുകാട്, ഞാറയ്ക്കൽ, ചേരാനല്ലൂർ, കടമക്കുടി, വരാപ്പുഴ, കോട്ടുവള്ളി, ഏഴിക്കര, കടുങ്ങല്ലൂർ, ആലങ്ങാട്, ചൂർണിക്കര, എടത്തല, കീഴ്മാട്, ശ്രീമൂലനഗരം, ചെങ്ങമനാട്, നെടുമ്പാശ്ശേരി, കാഞ്ഞൂർ, വാഴക്കുളം, ചെല്ലാനം, വടവുകോട് പുത്തൻകുരിശ്, ചോറ്റാനിക്കര, മുളന്തുരുത്തി, ഉദയംപേരൂർ, കുമ്പളം, കുമ്പളങ്ങി, എളംകുന്നപ്പുഴ എന്നീ ഗ്രാമപഞ്ചായത്തുകൾ എന്നിവയാണ് കൊച്ചി മെട്രോപ്പൊളിറ്റൻ പ്രദേശത്ത് ഉൾപ്പെടുന്ന തദ്ദേശസ്ഥാപനങ്ങൾ.

മെട്രോപ്പൊളിറ്റൻ പ്രദേശത്തിന് മുഴുവനുമായി കരട് വികസനപദ്ധതി തയ്യാറാക്കാനുദ്ദേശിച്ചുള്ളതാണ് മെട്രോപ്പൊളിറ്റൻ ആസൂത്രണ കമ്മിറ്റി. മെട്രോപ്പൊളിറ്റൻ ആസൂത്രണ കമ്മിറ്റിയിലെ അംഗങ്ങളുടെ എണ്ണവും സംവരണസ്ഥാനങ്ങളുടെ എണ്ണവും നിശ്ചയിച്ച് സർക്കാർ ഉത്തരവായിരുന്നു. ആകെ 15 അംഗങ്ങളുള്ള കമ്മിറ്റിയിൽ പത്തുപേരെ തദ്ദേശസ്ഥാപന ജനപ്രതിനിധികളിൽ നിന്നും തിരഞ്ഞെടുക്കുന്നു. അഞ്ച് പേർ സർക്കാർ നാമനിർദ്ദേശം ചെയ്യുന്നവരുമായിരിക്കും.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും നാല് അംഗങ്ങളെയും, മുനിസിപ്പൽ കൗൺസിലർമാരിൽ നിന്നും രണ്ടംഗങ്ങളെയും കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്നും നാല് അംഗങ്ങളെയുമാണ് തിരഞ്ഞെടുക്കേണ്ടത്.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളിൽ രണ്ട് പേരും, മുനിസിപ്പൽ കൗൺസിലർമാരിൽ നിന്നുമുള്ള ഒരംഗവും, കോർപ്പറേഷൻ കൗൺസിലർമാരിൽ നിന്നുമുള്ള രണ്ട് അംഗങ്ങളും വനിതകളായിരിക്കണം. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരിൽ ഒരംഗം പട്ടികജാതി വിഭാഗത്തിൽപ്പെട്ട ആളായിരിക്കണം.

ആസൂത്രണകമ്മിറ്റി അംഗങ്ങളുടെ തിരഞ്ഞെടുപ്പിനായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും , മുനിസിപ്പൽ കൗൺസിലർമാരുടെയും, കോർപ്പറേഷൻ കൗൺസിലർമാരുടെയും വെവ്വേറെ യോഗങ്ങൾ വരണാധികാരി വിളിച്ചു ചേർക്കും.

ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെ യോഗം ജൂൺ 17 നും മുനിസിപ്പൽ കൗൺസിലർമാരുടെ യോഗം ജൂൺ 18 നും കോർപ്പറേഷൻ കൗൺസിലർമാരുടെ യോഗം 19നും രാവിലെ 11 ന് വിളിച്ചു ചേർക്കാൻ വരണാധികാരിക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശം നൽകി. ആനുപാതിക പ്രാതിനിധ്യ സമ്പ്രദായമനുസരിച്ച് ഒറ്റകൈമാറ്റ വോട്ടുമുഖേനയാണ് അംഗങ്ങളെ തിരഞ്ഞെടുക്കുന്നത്.

(എസ്.ഇ.സി. 8/2025)